# weekly Devotion - February 2018
# A Great multitude of souls
## (ആത്മാക്കളുടെ ചാകര)




England ലെ വെസ്‌ലിയൻ ഉണർവ്വ് നടക്കുന്ന കാലം. പീറ്റർ എന്ന കൽക്കരിഖനി തൊഴിലാളി പാട്ടുപാടി ആളുകളെ കൂട്ടും. കൂടി വരുന്ന ജനത്തോട് സുവി ശേഷം പറയുവാൻ ഒരാളെയും അവൻ കരുതിയതിനാൽ വചനം കേൾക്കു വാനും ജനത്തിനവസരം ലഭിച്ചു. ഒരു ദിവസം പീറ്റർ പാട്ട് പാടി ആളുകൾ കൂട്ടം കൂടി . ആളുകളെ കൂട്ടുവാനുള്ള വരം നൽകിയ ദൈവത്തിന് പീറ്റർ നന്ദി പറ ഞ്ഞു. എന്നാൽ അന്ന് വചനം പ്രസംഗിക്കുവാനുള്ള ആൾ എത്തിയില്ല. ആളുകൾ പീറ്ററിനോട് വചനം പറയുവാൻ ആവശ്യപ്പെട്ടപ്പോൾ പീറ്റർ തന്റെ നിസ്സഹായത അറിയിച്ചു. വീണ്ടും നിർബന്ധം ഏറിയപ്പോൾ ജനം പറഞ്ഞ വിഷയത്തെപ്പറ്റി സംസാരിക്കുവാൻ തുടങ്ങിയപ്പോഴാണ് പീറ്റർ തനിക്ക് പരിശുദ്ധാത്മാവു തന്ന മറ്റൊരു കഴിവ് മനസ്സിലാക്കിയത്. 1കൊരി (4:14). നിനക്കു ലഭിച്ചതായ നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത് എന്ന് കാണാം. "അധികം പേരെ നേടേണ്ടതിന് ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി". (1 കൊരി:4:19). പരിശുദ്ധാത്മാവ് നമുക്കോരോരുത്തർക്കും തരുന്ന കഴിവുകൾ പാഴാക്കികളയാതെ അധികം പേരെ നേടുവാൻ ശ്രമിക്കുക.

യഹൂദറബ്ബിമാരുടെ ഇടയിൽ യിസ്രായേൽ ജനത മന്ന ഭക്ഷിച്ചതിനെപ്പറ്റി ഒരു പാരമ്പര്യം പറയാറുണ്ട്. ഓരോരുത്തരുടേയും ആസ്വാദ്യതയ്ക്കനുസരിച്ചായിരുന്നു മന്നയുടെ സ്വാദ്. ഇതു തന്നെയായിരിക്കും അഞ്ചപ്പവും, രണ്ടു മീനും

കൊണ്ട് 5000 പേരെ പോഷിപ്പിച്ചപ്പോഴും സംഭവിച്ചത്. ഇതുപോലെ തന്നെയാണ് ത്രിത്വത്തിൽ മൂന്നാമനായ ദൈവാത്മാവും . വൈവിദ്ധ്യവും പൂർണ്ണതയും നൽകുവാൻ പരിശുദ്ധാത്മാവിനേ കഴിയുകയുള്ളൂ. സർവ്വ ഭൂമിയിലേക്കും അയച്ച ഏഴ് ദൈവാത്മാക്കളായ ഏഴു കണ്ണ് എന്ന് വെളി. (5:6) ൽ കാണാം. അതായത് ഏകാത്മാവിന്റെ വൈവിദ്ധ്യമാർന്ന സ്വഭാവങ്ങൾ എന്നാണ്. ഇത് വചനത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. ഉദാഹരണത്തിനായി ചിലത് സൂചിപ്പിക്കുന്നു. യെശ: (11:2)ൽ "ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ് , ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്, പരിജ്ഞാനത്തിന്റെയും യഹോവ ഭക്തിയുടെയും ആത്മാവ്" എന്നും 2തിമൊ:(1:7)ൽ സ്നേഹത്തിന്റെയും, സുബോധത്തിന്റെയും ആത്മാവെന്നും കാണുന്നു. കൃപയുടെയും യാചനയുടെയും ആത്മാവെന്ന് (സെഖ:12:10)ലും കാണുന്നു.

ദൈവം തന്റെ രൂപത്തിലും ഭാവത്തിലും മനുഷ്യനെ സൃഷ്ടിച്ച് ജീവശ്വാസം ഊതിയപ്പോൾ മാത്രമാണ് അവനിൽ യഥാർത്ഥ മനുഷത്വം ഉണ്ടായത്. മനുഷത്വം ഉള്ളവൻ ആത്മാവുള്ളവനാണ്. ആത്മാവില്ലാത്തവൻ ഉപ്പിന് കാരമില്ലാത്ത അവസ്ഥയിലാണ്. സോഡിയവും ക്ലോറിനും അതാതിന്റെ അളവിലായാലേ ഉപ്പ് രുചിയുള്ളതാകുന്നുള്ളൂ. ആത്മാവില്ലാത്ത ഏതു മനുഷ്യനും കാരമില്ലാത്ത ഉപ്പിനോട് സാദൃശ്യമുള്ളവരാണ്. മത്തായി 5:13ൽ സ്രഷ്ടാവാം ദൈവം മനുഷ്യരോട് പറയുന്നു നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന്. നമ്മുടെ കണ്ണുനീരിന് ഉപ്പുരസം ഉള്ളതാണ്. ആത്മാവിന്റെ വ്യാപാരമുള്ളവനും , മനസ്സലിവുള്ളവനുംപ്രാർത്ഥിക്കുമ്പോൾ കണ്ണുനീരുണ്ടാകുന്നു. മനുഷ്യൻ അദ്ധ്വാനിക്കുമ്പോഴുണ്ടാകുന്ന വിയർപ്പിനും കടൽവെള്ളത്തിനും ഉപ്പിന്റെ സ്വാദാണ്.

ലൂക്കോ: (5:1-11)വരെയുള്ള വാക്യങ്ങളിൽ ദൈവവചനം കേൾക്കാനാഗ്രഹിച്ച് ജനം കടൽക്കരയിൽ നില്ക്കുമ്പോൾ നിരാശരായി അദ്ധ്വാനഫലം കിട്ടാത്ത ശിഷ്യൻമാരുടെ പടക് കരയ്ക്ക് ചേർന്നു കിടക്കുന്ന കാഴ്ചയും യേശു കണ്ടു. കരയിൽ നിന്ന് പടകു നീക്കുവാൻ പത്രോസിനോട് ആവശ്യപ്പെട്ട യേശു മനുഷ്യരെ പിടിക്കുന്നത് എങ്ങനെയെന്ന് കരയിൽ നില്ക്കുന്നവരോട് വചനം പറഞ്ഞ് കാട്ടിക്കൊടുത്തു. തുടർന്ന് ഉപ്പുരസമുള്ള കടൽജലത്തിൽ എവിടെ വല വീശണമെന്ന് നിർദ്ദേശിച്ചു. എല്ലാം തനിക്ക് നിശ്ചയമെന്ന് ഉള്ളിലുണ്ടായിട്ടും ഒന്നും പറയാതെ നിന്റെ വാക്കിന് വലയിറക്കാമെന്നാണ് പറഞ്ഞത്. പത്രോസ്

ഒരു വലിയ ചാകര കണ്ട് ഭയന്നു. മറ്റ് പടകുകാരും വന്നു. അതും പത്രോസിന് ഒരു പാഠമായിരുന്നു.ഗുരുവിന്റെ വാക്കിന് വലയിറക്കിയാൽ ചാകര ലഭിക്കുമെന്നുള്ളത്. പുതിയ പാഠങ്ങൾ പഠിപ്പിച്ചവനോട് അവന്റെ പുതിയ ദൗത്യം ഇനി മനുഷ്യരെ പിടിക്കുകയാണെന്ന് പറഞ്ഞു മനസ്സിലാക്കി.അതിനുപയോഗിക്കേണ്ട വല സ്വർഗ്ഗീയന്റെ വലയാണ്.

മനുഷ്യൻ കടലിൽ വീശുമ്പോൾ കിട്ടുന്ന മത്സ്യങ്ങളുടെ ജീവൻ നഷ്ടമാകുന്നു.എന്നാൽ സ്വർഗ്ഗീയന്റെ വലയിൽ കയറുന്നവന് ജീവൻ പുതുതാക്കി ലഭിക്കുന്നു. നമ്മുടെ പ്രാർത്ഥനയും ആഗ്രഹവും അനുസരിച്ച് നസറയാന്റെ വല നാം വീശിയില്ലെങ്കിൽ നരകവാതിൽക്കൽ പാപമരണം സംഭവിച്ചവരുടെ ഒരു വൻ സമൂഹത്തെ കാണുവാനിടയാകും.

മനുഷ്യന്റെ ശരീരത്തിൽ ഏറ്റവും ഭംഗിയായി ദൈവം സൂക്ഷിച്ചിരിക്കുന്നത് കണ്ണാണ്. കൺപീലികൾ, പുരികം, പോളകൾ ഇവ കണ്ണിനെ സംരക്ഷിക്കുന്നു. ഇതുപോലെ ദൈവത്തിന്റെ കണ്ണാകുന്ന പരിശുദ്ധാത്മാവിനെ നാം ദു:ഖിപ്പിക്കാതെ സംരക്ഷിപ്പാനാണ് പരിശുദ്ധാത്മാവിനെ കണ്ണിനോടുപമിച്ച് നമുക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. സ്വർഗ്ഗം നിറയ്ക്കുന്ന വലയുമായി ഇറങ്ങുക. ഭയപ്പെടാതെ പരിശുദ്ധാത്മാവിന്റെ നിർദ്ദേശമനുസരിച്ച് വലയിറക്കിയാൽ ഒരു ആത്മക്കൊയ്ത്തിന്റെ ചാകര ലഭ്യമാകുന്നു. അതിനായി ഗുരു നിങ്ങളെ ബലപ്പെടുത്തട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind